# ദേവികയുടെ മരണം:
# സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക

**ആദിവാസി– ദലിത്– സ്ത്രീ പൗരാവകാശ കൂട്ടായ്മ**



**നാളിതുവരെ** കേരളത്തിൽ തുടർന്നു വന്ന സാർവ്വത്രിക വിദ്യാഭ്യാസ നയത്തിൽ നിന്നും വഴിമാറി, ജൂൺ 1 മുതൽ നടപ്പാക്കിയ പരിഷ്കാരം സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്കു–ആദിവാസികൾ, ദലിതർ, കോളനിവാസികൾ, മത്സ്യത്തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മറ്റ് പാർശ്വവൽകൃത വിഭാഗങ്ങൾ തുടങ്ങിയവരിലെ വിദ്യാർത്ഥികൾ–ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും, വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം ഉറപ്പുനൽകുന്ന അവകാശങ്ങളും റദ്ദാക്കപ്പെട്ടതായി വ്യാപകമായ ആശങ്ക നിലനിൽക്കുകയാണ്. ദേവിക എന്ന വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത ദാരുണ സംഭവവും റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. അധ്യയന ദിവസം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് സമയോചിതമായി പാഠ്യപദ്ധതികൾ ലഭ്യമാക്കുക എന്ന സദുദ്ദേശം സർക്കാരിന് ഉണ്ടെന്നത് ശ്ലാഘനീയമാണ്. എന്നാൽ ദുർബലവിഭാഗങ്ങൾക്ക് സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നത് സാവകാശം മതിയെന്ന തെറ്റായ സന്ദേശം വ്യാപിക്കുന്നതിന് ഇപ്പോഴത്തെ നടപടി കാരണമായിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണം.

1. കോവിഡ് വ്യാപന സാധ്യതയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉടനീളം ഓൺലൈൻ വിദ്യാഭ്യാസമാണ് പരിഹാരമെന്നത് തികച്ചും അശാസ്ത്രീയമാണ്. ഈ നയം, സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരും, സാമ്പത്തികവും–സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുമെന്ന നിലയിൽ സമൂഹത്തെ വിഭജിക്കുന്നതിന് കാരണമായിട്ടുണ്ട്. ഇപ്പോൾ ടി.വി. സംപ്രേക്ഷണം വഴി സർക്കാർ ചെയ്യുന്ന പരിപാടി ഒരു 'ഓൺലൈൻ' ക്ലാസ്സാണെന്ന് പറയാനും കഴിയില്ല. പാഠഭാഗങ്ങൾ പരിചയപ്പെടുത്തുക എന്നതല്ലാതെ, അധ്യാപകനും വിദ്യാർത്ഥികളും തമ്മിലുള്ള ആശയവിനിമയത്തിനുള്ള യാതൊരു സാധ്യതയുമില്ല. വിദ്യാഭ്യാസ മേഖലയുടെ താഴെ തട്ടുകളിൽ ഔപചാരിക വിദ്യാഭ്യാസം ഉറപ്പുനൽകുന്ന ക്ലാസ്സ് റൂം വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ പറ്റാത്തതുമാണ്. താഴെ പറയുന്ന നിർദ്ദേശങ്ങൾ ഇതിന് പരിഹാരമായി നിർദ്ദേശിക്കുന്നു.

1. വാർഡുതല ലേണിംഗ് സെന്ററുകൾ: പ്രൈമറി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് തദ്ദേശസ്വയം ഭരണസംവിധാനത്തിന് കീഴിൽ വിദ്യാർത്ഥികളുടെ വാസസ്ഥലങ്ങളോട് ചേർന്ന പ്രദേശങ്ങളിൽ പഠനമുറികൾ (ലേണിംഗ് സെൻററുകൾ) ഒരുക്കുക എന്നതാണ് അടിയന്തരമായി ചെയ്യേണ്ടത്. സർക്കാർ കേന്ദ്രീകൃതമായി നിശ്ചയിക്കുന്ന ടൈംടേബിൾ അനുസരിച്ച് ഇപ്പോൾ വിക്ടേഴ്സ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്ന ക്ലാസ്സുകൾ പ്രക്ഷേപണ സമയത്ത് തന്നെ സംസ്ഥാനതലത്തിൽ കേൾക്കുക എന്നത് പല കാരണങ്ങളാലും പ്രായോഗികമല്ല. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡം പാലിച്ച് പഞ്ചായത്ത് തലത്തിൽ ടൈംടേബിൾ തയ്യാറാക്കുകയും വിക്റ്റേഴ്സ് ചാനൽ പുറത്തുവിടുന്ന വീഡിയോകൾ ലേണിംഗ് സെൻററുകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് നിർദ്ദേശിക്കുന്നത്. ഒരു പഞ്ചായത്തിലെ വാർഡുകളിലെ സ്ഥിതിവിവരക്കണക്കെടുത്ത് ഓരോ ലേണിംഗ് സെൻററുകൾക്കും ടൈംടേബിൾ ഉണ്ടാക്കാവുന്നതാണ്. വിക്ടേഴ്സ് ചാനൽ വഴി പുറത്തുവിടുന്ന വീഡിയോകൾ സ്ക്രീൻ ചെയ്ത്, വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള നിർദ്ദേശം നൽകാനും സംശയനിവാരണം നടത്താനും ലേണിംഗ് സെന്ററുകളിലെ അദ്ധ്യാപകർക്ക് സാധ്യമാകും. കോവിഡ് ഹോട്ട് സ്പോർട്ടുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ, സാമൂഹിക അകലം പാലിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും മറ്റ് സുരക്ഷാപരിപാടികൾ ചെയ്യുകയും വേണം. ആഴ്ചയിൽ തെരഞ്ഞെടുക്കപ്പെടുന്ന ദിവസങ്ങളിൽ ചെയ്യാവുന്ന ഈ പാഠ്യപ്രവർത്തനത്തിൽ ടൈംടേബിളനുസരിച്ച് എത്തുന്ന എൽ.പി/ യു.പി/ഹൈസ്കൂൾ അദ്ധ്യാപകർ കൂടാതെ മറ്റ് വിദ്യാഭ്യാസ വോളൻറിയർമാരെയും നിയോഗിക്കാവുന്നതാണ്. ആദ്യഘട്ടത്തിൽ ലേണിംഗ് സെൻററുകളിൽ നല്ല ഗുണനിലവാരമുള്ളതും ഇൻറർനെറ്റ് സൗകര്യമുള്ളതുമായ ടി.വി. സംവിധാനം/ലാപ്ടോപ്/എൽ.സി.ഡി. തുടങ്ങിയ സാമഗ്രികളും ഒരു യൂണിറ്റിന് തുടക്കത്തിൽ മതിയാകും. ഇതോടൊപ്പം പുതിയ ടെക്നോളജി ഉപയോഗിച്ചുള്ള പഠനം പരിചയപ്പെടുത്താനുള്ള മിനിമം സംവിധാനങ്ങളും ഒരുക്കാവുന്നതാണ്. പാഠപുസ്തകങ്ങളും പഠന ഉപകരണങ്ങളും ലേണിംഗ് സെന്ററുകളിൽ എത്തിക്കണം. കോവിഡ് അപകടസാധ്യത ഉടനടി വിട്ടുമാറാൻ സാധ്യത ഇല്ലാത്തതിനാൽ സ്കൂൾ തുറന്നു പ്രവർത്തിച്ചാലും ഈ വികേന്ദ്രീകൃത സംവിധാനം നിലനിർത്തണം. പ്രാദേശികമായ അറിവുകളും അഭിരുചികളും വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ ഒരു കരിക്കുലവും ക്രമേണ വളർത്തിയെടുക്കാൻ കഴിയും.

2. ഹയർ സെക്കൻററി മുതൽ ഡിജിറ്റൽ ക്ലാസ്സ് റൂം, ഓൺലൈൻ ക്ലാസ്സുകളും: പ്ലസ് 1, പ്ലസ് 2, ഡിഗ്രി തലം മുതലുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും മറ്റ് സംവിധാനങ്ങളും നൽകി അടിയന്തരമായി സ്കൂളുകൾ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് തയ്യാറാകേണ്ടതാണ്. ആവശ്യമായ ഫണ്ട് ഇതിനായി സർക്കാർ വകയിരുത്തണം. ഹയർ സെക്കൻണ്ടറി മുതലുള്ള പാഠ്യപ്രവർത്തനങ്ങൾക്ക് വിക്ടേഴ്സ് ചാനൽ വഴി

നൽകുന്ന ക്ലാസ്സുകളും (വീഡിയോകളും) ഉപയുക്തമാണെങ്കിലും ഓൺലൈൻ ക്ലാസ്സുകൾക്കുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ സ്കൂളുകളിൽ ഒരുക്കുക. വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുക.

3. ആദിവാസി മേഖലകൾ: ആദിവാസി മേഖലകളിലും ഭാഷാന്യൂനപക്ഷങ്ങളുള്ള മേഖലകളിലും അന്തർസംസ്ഥാന തൊഴിലാളികളുടെ കേന്ദ്രങ്ങളിലും ഊര് തലത്തിലോ, ഒരു വാർഡിലെ ഒന്നിലേറെ ഊരുകളിലോ ലേണിംഗ് സെന്ററുകൾ ഉണ്ടാകണം. വനമേഖലയിലെ ഒറ്റപ്പെട്ട ഊരുകളിൽ പ്രത്യേക സെൻററുകൾ വേണം. വൈദ്യുതി ലഭ്യമല്ലാത്ത ഇടങ്ങളിൽ അതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും കംപ്യൂട്ടർ, ടി.വി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നൽകുകയും വേണം. നിലവിൽ വയനാട്ടിലും ഏതാനും ജില്ലകളിലും നിയമിക്കപ്പെട്ടിരിക്കുന്ന ഗോത്ര ഭാഷാ പ്രാവീണ്യമുള്ള 'മെന്റർ' ടീച്ചർമാർക്ക് ചുമതല നൽകി, ആദിവാസികൾക്ക് പ്രാബല്യമുള്ള എല്ലാ വാർഡുകളിലും (സംസ്ഥാനതലത്തിൽ) ലേണിംഗ് സെൻററുകൾക്ക് രൂപം നൽകണം. നിലവിൽ 267 ഓളം മെന്റർ ടീച്ചർമാരാണ് കേരളത്തിലുള്ളത്; അവരിൽ ഭൂരിപക്ഷം വയനാട് ജില്ലയിലാണ്. ആദിവാസി മേഖലകളിലെ ഊര് തലത്തിൽ/വാർഡ് തലത്തിൽ ലേണിംഗ് സെന്ററുകൾ തുടങ്ങുമ്പോൾ സംസ്ഥാനതലത്തിൽ കൂടുതൽ നിയമനങ്ങൾ ആവശ്യമായി വരും. ഇതിനുള്ള തസ്തികകൾക്ക് രൂപം നൽകേണ്ടതാണ്. നിലവിൽ ടീച്ചർ ട്രെയിനിംഗ് യോഗ്യതയുള്ളവരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. ഹൈസ്കൂൾ വിദ്യാർത്ഥികളും ഉള്ളതിനാൽ ബി.എഡ്. യോഗ്യതയുള്ളവർക്കും മറ്റ് അധ്യപന യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരെയും ഇതിനായി നിയമിക്കണം. മേൽപറഞ്ഞ യോഗ്യത ഉള്ളവരില്ലാത്ത സ്ഥലങ്ങളിൽ മറ്റ് വിദ്യാഭ്യാസ യോഗ്യതയുള്ളവരെയും പരിഗണിക്കാവുന്നതാണ്. ഒരു ആദിവാസി മേഖലയിൽ മെന്റർ ടീച്ചറെ നിയോഗിക്കുമ്പോൾ മെന്റർ ടീച്ചർക്ക് അറിയാവുന്ന ഗോത്രഭാഷ സംസാരിക്കുന്ന കുട്ടികളെ ലേണിംഗ് സെൻററിൽ തന്നെ നിയമിക്കണം. ആദിവാസി മേഖലയിലെ ലേണിംഗ് സെന്ററുകളിൽ ഒന്നാം ഭാഷ എന്ന പദവി അതാത് മേഖലയിലെ ഗോത്രഭാഷയ്ക്ക് നൽകണം.

4. ഭാഷാ ന്യൂനപക്ഷങ്ങൾ, തമിഴ് തോട്ടം തൊഴിലാളികൾ ഇതരസംസ്ഥാനക്കാർ തുടങ്ങിയവരുടെ മേഖലകളിൽ അത്തരം വിഭാഗങ്ങളുടെ ഭാഷയും സംസ്ക്കാരവും ന്യൂനപക്ഷാവകാശങ്ങളും പരിഗണിച്ചുകൊണ്ടുള്ള ലേണിംഗ് സെന്ററുകൾ ഉണ്ടാകണം. ദലിതർ, മത്സ്യ തൊഴിലാളികൾ തുടങ്ങിയവരുടെ അധിവാസ മേഖലകളിൽ അവരുടെ വിദ്യാഭ്യാസപരവും സാമൂഹിക പിന്നോക്കാവസ്ഥയും പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക സംവിധാനം ഒരുക്കണം.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഭരണപരമായ ചുമതല നിലവിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരപാലിക സംവിധാനങ്ങൾക്കുമുണ്ട്. പ്രൈമറി/യുപി/ഹൈസ്കൂൾ എന്ന ക്രമത്തിൽ ഭരണപരമായ ചുമതല പഞ്ചായത്തുകൾക്കുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ നിലവിലുള്ള ഫണ്ട് മതിയാകാതെ വരും. കോവിഡ് പശ്ചാത്തലത്തിൽ 'സുഭിക്ഷം' എന്ന കാർഷിക പദ്ധതി ഒരു മഹായജ്ഞമാക്കി മാറ്റാൻ ഗ്രാമപഞ്ചായത്തുകൾ നിയുക്തമാണെന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന ഫണ്ട് തന്നെ അപര്യാപ്തമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള ഫണ്ട് സംസ്ഥാന സർക്കാർ (വിദ്യാഭ്യാസ വകുപ്പ്, എസ്സി/എസ്ടി വകുപ്പ് തുടങ്ങിയവ) ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ലേണിംഗ് സെന്ററുകളിലെ നിയമനങ്ങൾക്കും വിദ്യാർത്ഥികൾക്ക് ആവശ്യമായി വരുന്ന ഭക്ഷണച്ചെലവുകൾക്കുമുള്ള ഫണ്ട് സർക്കാർ വകയിരുത്തേണ്ടതാണ്.

6. മേൽപറഞ്ഞ തരത്തിലുള്ള ഒരു പരിഷ്ക്കരണം എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്. ദുർബ്ബല വിഭാഗങ്ങൾ പൊതുവിദ്യാഭ്യാസത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നു എന്ന ആശങ്ക നിലനിൽക്കുന്നതിനാൽ ഇത് ഗൗരവപൂർവ്വം പരിഗണിക്കണം. ആദിവാസി വിഭാഗങ്ങളുടെ പ്രശ്നം പരിഹരിക്കേണ്ടത് ആദിവാസി വകുപ്പാണെന്ന നിലവിലുള്ള മനോഭാവം മാറേണ്ടതാണ്; എല്ലാ സാമ്പത്തിക ഉത്തരവാദിത്തങ്ങളും പഞ്ചായത്തുകളിൽ ഏൽപിക്കുന്ന സമീപനവും മാറണം. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമവകുപ്പുകൾ മേൽപറഞ്ഞ വിഭാഗങ്ങളുടെ ക്ഷേമപരിപാടികൾ ഉറപ്പുവരുത്താനുള്ളവരാണ്. വിദ്യാഭ്യാസത്തിൻറെ പൊതുചട്ടക്കൂടിലുള്ള പരിഷ്കാരങ്ങൾ വിദ്യാഭ്യാസ വകുപ്പ് തന്നെ ചെയ്യണം.

7. മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന ലേണിംഗ് സെന്ററുകൾ നിലനിർത്താനും, തുടർപ്രവർത്തനത്തിനും പ്രാദേശികമായി പ്രവർത്തിക്കുന്ന ഗവൺമെന്റിതര സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, കുടുംബശ്രീകൾ, ആദിവാസി സന്നദ്ധ പ്രവർത്തക ഗ്രൂപ്പുകൾ, രക്ഷാകർതൃസമിതികൾ എന്നവരുടെ വോളൻറിയർ പ്രവർത്തനങ്ങൾ പ്രമോട്ടു ചെയ്യാനുള്ള പദ്ധതിയും സർക്കാർ നടപ്പാക്കണം. വോളൻറിയർ ഗ്രൂപ്പുകൾ ലേണിംഗ് സെന്ററുകളുടെ പ്രവർത്തനം ഏറ്റെടുക്കുന്നുണ്ടെങ്കിൽ അതിനുള്ള ധനസഹായം നൽകണം.

8. കോവിഡ് ഭീഷണിയുടെ പശ്ചാത്തലത്തിൽ ജനാധിപത്യ വ്യവസ്ഥയിൽ ജാതി-മത-വർഗ്ഗ-വംശ-ലിംഗ വിഭജനത്തിനതീതമായി രൂപപ്പെട്ടുവന്നിട്ടുള്ള സാമൂഹികമായ ഐക്യം ദുർബ്ബലപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ ഒരു ജനാധിപത്യ സർക്കാരിൽ നിന്നും ഉണ്ടായിക്കൂടാ. അഖിലേന്ത്യാതലത്തിലുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ ഇത്തരം പ്രവണത ശക്തിപ്പെട്ടുവരികയാണ്. കലാലയങ്ങളിൽ സാമൂഹികത സൃഷ്ടിച്ചെടുക്കുന്നതിലും പൊതു ഇടം സൃഷ്ടിക്കുന്നതിനും സാർവ്വത്രിക വിദ്യാഭ്യാസവും ഔപചാരിക വിദ്യാഭ്യാസവും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ ഭീതി ഉപയോഗപ്പെടുത്തി ജനാധിപത്യസംവിധാനത്തിലെ സാമൂഹികതയും പൊതു ഇടങ്ങളും റദ്ദാക്കാനും, കോർപറേറ്റുകളുടെയും ജാതി-മത-വർഗ്ഗീയ ശക്തികളുടെയും മേധാവിത്തം സ്ഥാപിച്ചെടുക്കാനുമുള്ള സംഘടിതനീക്കം രാജ്യത്തിന്റെ നിലനിൽപ്പിന് ഭീഷണിയായി മാറിയിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസത്തിൻറെ മണ്ഡലത്തിൽ നിന്നും സർക്കാർ പിൻമാറിയാൽ, പ്രാഥമികതലം മുതലുള്ള വിദ്യാഭ്യാസ പരിപാടികൾ ജാതി-മത-വർഗ്ഗീയ ശക്തികൾ കൈയ്യടക്കും.

ഈ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതുവരെ ഇപ്പോൾ തുടരുന്ന എല്ലാ വിവേചനപരമായ പ്രവർത്തനങ്ങളും (വിക്ടേഴ്സ് ചാനൽ സംപ്രേക്ഷണം ഉൾപ്പെടെ) നിർത്തിവെക്കണമെന്നും അഭ്യർത്ഥിക്കുന്നു. ■